2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ക്ഷേമവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. എം. വി. ജയരാജൻ: സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1994-ലെ മുനിസിപ്പാലിറ്റി ആക്ടിലെ 12-ാം വകുപ്പിനുള്ള ഭേദഗതിയാണ് ഒന്ന്. അതിൽ പറയുന്നത്, ചെയർ പേഴ്സണായോ ഡെപ്യൂട്ടി ചെയർ പേഴ്സണായോ തെരഞ്ഞെടുക്കാനും സത്യപ്രതിജ്ഞ ചെയ്യാനുമൊക്കെയുള്ള വ്യവസ്ഥകളാണ്. പക്ഷേ 12-ാം വകുപ്പിൽ വിശദമായി പ്രതിപാദിക്കുന്നത്, തെരഞ്ഞെടുക്കപ്പെടുന്ന ചെയർപേഴ്സണോ ഡെപ്യൂട്ടി ചെയർ പേഴ്സണോ നിയമാനുസൃതം സത്യപ്രതിജ്ഞ ചെയ്തത് അധികാരം ഏറെടുക്കാതെ വരുന്നതുമൂലം നഗരസഭകളിൽ ഭരണ പ്രതിസന്ധി ഉണ്ടാകുന്നു എന്നുള്ളതാണ്. 15 ദിവസത്തിനകം അവർ സത്യപ്രതിജ്ഞ ചെയ്തോ ദൃഢപ്രതിജ്ഞ ചെയ്തോ ചുമതല ഏറെടുക്കുന്നില്ലെങ്കിൽ തൽസ്ഥാനങ്ങളിൽനിന്നും അവർ ഒഴിഞ്ഞതായി കണക്കാക്കണം. ഒരു ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിനുവേണ്ടി, പുതിയ ആളുകളെ തെരഞ്ഞെടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, നല്ല നിലയിൽ കൊണ്ടുവന്നിട്ടുള്ള ഒരു നിയമ ഭേദഗതിയാണ് ഇതെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ അതിൽ വരുത്തേണ്ടുന്ന ഗൗരവമായിട്ടുള്ള ഒരു പ്രശ്നം, ഇത് ഏകപക്ഷീയമായി പോകാൻ ഇടയുണ്ട് എന്നതാണ്. 15 ദിവസത്തിനകം അവർ ചുമതല ഏറെടുക്കുന്നില്ലെങ്കിൽ അവർ സ്വമേധയാ ഒഴിഞ്ഞതായി കണക്കാക്കുന്നതാണ്. അതോടൊപ്പം ഏഴ് ദിവസത്തെ നോട്ടീസ് അവർക്ക് കൊടുക്കുന്നതും

LIBRARY ARCHIVES Kerala Legislative Assembly

നല്ലതാണ്. 15 ദിവസം എന്നുള്ളത് ഇതിനകത്ത് കൊണ്ടുവരണം. ഇതിനകം ചുമതല ഏറ്റെടുക്കുന്നില്ലെങ്കിൽ, ഈ നോട്ടീസ് കിട്ടി ഏഴ് ദിവസത്തിനകം മറുപടി ലഭിക്കുന്നില്ലെങ്കിൽ നിങ്ങൾ ഒഴിഞ്ഞതായി കണക്കാക്കുമെന്ന് കാണിച്ച് ഒരു നോട്ടീസ് കൊടുക്കുവാനുള്ള പ്രൊവിഷനെങ്കിലും വച്ചില്ലെങ്കിൽ, അത് ഏകപക്ഷീയമായിട്ടുള്ള ഒരു തീരുമാനമായി മാറാനിടയുണ്ട്. അപ്പോൾ അതുകൂടി കാണേണ്ടതുണ്ട്. അങ്ങനെയൊരു നോട്ടീസ് കൂടി കൊടുക്കുന്നതിന് വ്യവസ്ഥ വരേണ്ടതുണ്ടെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. മറ്റൊരു പ്രധാന കാര്യം, എസ്. സി./എസ്.ടി. വിഭാഗങ്ങൾക്ക്, റിസർവേഷൻ കൊടുത്ത പഞ്ചായത്തുകൾക്ക് ഇതു ബാധകമാക്കുമ്പോൾ എങ്ങനെയാവും എന്നുള്ളതാണ്. അതൊരു ഗുരുതരമായിട്ടുള്ള പ്രശ്നമാകുമല്ലോ. ഇപ്പോൾ എസ്. സി.-യിൽപ്പെട്ട ഒരാളേയുള്ളൂ. അവർക്കു വേണ്ടി റിസർവ്വ് ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി ചിലപ്പോൾ യു. ഡി. എഫ്.-ന് ഭൂരിപക്ഷം അംഗങ്ങൾ ഉണ്ടാകുമെങ്കിൽപ്പോലും എൽ. ഡി. എഫ്. നേതാവാണ് എസ്. ടി. പ്രതിനിധിയെങ്കിൽ, എസ്. ടി. പ്രസിഡന്റ് വരിക്കുന്ന (മറിച്ചും ആവാം) മുനിസിപ്പാലിറ്റികളിൽ പ്രായോഗികമായി നടപ്പിലാക്കാൻ പറ്റുന്ന ഒരു വ്യവസ്ഥ ഇപ്പോൾ പറയുന്നില്ലെങ്കിൽ അത് അപകടമുണ്ടാക്കും. അപ്പോൾ ഒരു പ്രൊവൈസോ അതിനുകൂടി ചേർക്കേണ്ടതും, കണ്ടെത്തേണ്ടതും ആവശ്യം തന്നെയാണ്. കാരണം പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ വേറെയില്ലെങ്കിൽ ഈ വ്യവസ്ഥ വച്ചാൽ മുനിസിപ്പാലിറ്റിയിൽ ഭരണമുണ്ടാവില്ല. വളരെ അവധാനതയോടുകൂടി തയ്യാറാക്കേണ്ടുന്ന ഒരു ഭേദഗതിയാണ് 12-ാം വകുപ്പിനു നമ്മൾ നൽകേണ്ടത് എന്ന പക്ഷമാണ് എനിക്കുള്ളത്. മറ്റേത് 270-ാം വകുപ്പിനുള്ള ഭേദഗതിയാണ്. തീർച്ചയായും ആ ഭേദഗതിയും സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. ഇന്നിപ്പോൾ നമ്മുടെ നാട്ടിൽ കാണുന്ന ഒരു പ്രവണത വസ്തു കൈമാറ്റം മാത്രമല്ല, ലീസിനു കൊടുക്കുകയും ചെയ്യുന്നുണ്ട്. അതിന്റെ പ്രധാനപ്പെട്ട ആശാനാണ് നിങ്ങളുടെ ഗവൺമെന്റ്. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി വലിയ കുട്ടി ആകാത്തതുകൊണ്ടാണ് ലീസിനു കൊടുക്കാത്തത്. പക്ഷേ വലിയ കുട്ടി അപ്പുറത്തുണ്ട്. അതുകൊണ്ട് അവർ ചെയ്യുന്നത് 99 വർഷത്തേയ്ക്ക് പാട്ടത്തിനു കൊടുക്കലാണ്. സർക്കാരിന്റെ സ്ഥലം സ്മാർട്ട് സിറ്റിക്കുവേണ്ടി പാട്ടത്തിനു കൊടുക്കുകയാണ്. 199 വർഷത്തേക്ക്, 999 വർഷത്തേക്ക് അങ്ങനെയാണ് പാട്ടത്തിനു കൊടുക്കുന്നത്. അങ്ങനെയുള്ള ഒരു കാലത്ത്, അതിനകത്ത് വരുമാനം മുനിസിപ്പാലിറ്റിക്കു കിട്ടത്തക്ക നിലയിൽ ഒരു വ്യവസ്ഥ കൊണ്ടുവരുന്നത് നല്ലതാണ്. കാരണം നിങ്ങൾ തന്നെ ഈ നയം പ്രോൽസാഹിപ്പിക്കുന്ന കൂട്ടരായതുകൊണ്ട്. മുനിസിപ്പാലിറ്റിക്ക് വരുമാനം വർദ്ധിപ്പിക്കുന്ന വിധത്തിൽ, ലീസിനു കൊടുക്കുന്ന ഭൂമിക്കു കൂടി സർച്ചാർജ്ജ് ഏർപ്പെടുത്തുന്നതും മുനിസിപ്പാലിറ്റിക്കു വരുമാനം വർദ്ധിപ്പിക്കാൻ കഴിയുംവിധത്തിൽ ഷെഡ്യൂളിൽ ഭേദഗതി ചെയ്യുന്നതും പൊതുവിൽ സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. മുനിസിപ്പാലിറ്റിയിലേയും പഞ്ചായത്തിലേയും തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും അതായത് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുണ്ട്, അത് നടത്താൻ പോകുകയാണ്; ഇലക്ഷൻ കമ്മീഷനാണ് അത് ചെയ്യേണ്ടത്; തുടങ്ങിയ വാചകങ്ങളെല്ലാം വളരെ ദുസ്സൂചനയോടുകൂടിയാണ് കേരളം ശ്രവിക്കുന്നത്. ഞങ്ങളല്ല, ഇലക്ഷൻ കമ്മീഷനാണ് അത് ചെയ്യേണ്ടത്. ഇനി ഇലക്ഷൻ നടത്താതിരുന്നാൽ ഞങ്ങൾ ഉത്തരവാദിയല്ല, ഇലക്ഷൻ കമ്മീഷനാണ് ഉത്തരവാദി എന്നു പറയാമല്ലോ. അതിനുവേണ്ടി ഒരു മുൻകരുതൽ ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിരിക്കുകയാണ്. പക്ഷേ നിങ്ങൾ ചെയ്ത നടപടി മൂലമാണ് തെരഞ്ഞെടുപ്പ് യഥാസമയം നടത്താൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായത്. ഡീലിമിറേഷൻ സംബന്ധിച്ച കരട് വാർഡ് വിഭജനവും നോട്ടിഫിക്കേഷനുമൊക്കെ ഇപ്പോൾ ഇറക്കിയല്ലോ. അതിനൊരു ഷെഡ്യൂൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ടല്ലോ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞല്ലോ, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ജൂൺ മാസവും ബ്ലോക്ക് പഞ്ചായത്തിൽ ജൂലൈ മാസവും ഡിസ്ട്രിക്ട് പഞ്ചായത്തിൽ ആഗസ്റ്റ് മാസവും എന്ന നിലയ്ക്ക് അതിന്റെ ഫ്രീസിംഗും തെളിവെടുപ്പും മറ്റ് നടപടിക്രമങ്ങളുമെല്ലാം നടത്തിയിട്ട് ആഗസ്റ്റ് മാസത്തിൽ നോട്ടിഫൈ ചെയ്യുമെന്ന്. അഞ്ച് ജില്ലാ പഞ്ചായത്തുകൾക്ക്, അതിന്റെ ഭാഗമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകൾക്ക്, മുനിസിപ്പൽ കോർപ്പറേഷനുകൾക്ക്, ഗ്രാമപഞ്ചായത്തുകൾക്ക് ഈ ക്രമപ്രകാരം നിങ്ങൾ നോട്ടിഫിക്കേഷനും മറ്റും ഇറക്കണം. ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങൾ കഴിഞ്ഞാൽ, ഈ അഞ്ച് ജില്ലകളിൽ എപ്പോഴാണ് തെരഞ്ഞെടുപ്പ് നടക്കുക? അപ്പോൾ സർക്കാരിന്റെ നടപടി മൂലം, രാഷ്ട്രീയപ്രേരിതമായ സർക്കാർ തീരുമാനംമൂലം കേരളത്തിലെ നല്ലൊരു ശതമാനം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കില്ല. 2000-ൽ മൂന്ന് ഘട്ടങ്ങളിലായി തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളതിന്റെ നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാലും അവിടെ തെരഞ്ഞെടുപ്പ് നടത്താൻ കഴിയില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

അപ്പോൾ സർക്കാരാണ് ഈ തെരഞ്ഞെടുപ്പ് നടക്കാതിരിക്കുന്നതിനു കാരണമായി മാറുന്നത്. മുനിസിപ്പാലിറ്റികളുടെ വരുമാന നഷ്ടത്തിന്റെ കാര്യത്തെക്കുറിച്ചുകൂടി പറയാം. 1997-ൽ നികുതി നിർണ്ണയ റിവിഷൻ നടത്തിയതാണ്. മുനിസിപ്പാലിറ്റി ആക്ടിൽ പറയുന്നത് നാല് വർഷം കൂടുമ്പോൾ റിവിഷൻ നടത്തണമെന്നാണ്. ഇതുവരെ നടത്തിയിട്ടില്ല. ഇപ്പോൾ എട്ട് വർഷം കഴിഞ്ഞു. മുനിസിപ്പാലിറ്റികൾക്ക് വലിയ വരുമാന നഷ്ടമുണ്ടാക്കുന്ന ഒരു വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി പരിശോധിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ വിനോദ സഞ്ചാര നികുതിയിൽ ഇളവ് വരുത്തിയിരിക്കുകയാണ്. നിലവിലുള്ള 48 ശതമാനം 20 ശതമാനമായി കുറച്ചിരിക്കുകയാണ്. അതിന്റെ ഫലമായി മുനിസിപ്പാലിറ്റികളിൽ വലിയ വരുമാന നഷ്ട മുണ്ടാക്കുന്ന സ്ഥിതിവിശേഷമാണ് വന്നിട്ടുള്ളത്. ഏകപക്ഷീയമായ വിധത്തിലുള്ള തീരുമാനങ്ങൾ മുനിസിപ്പാലിറ്റികളെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. ഒരു ഉദാഹരണം ഞാൻ പറയാം. വിമുക്തഭടൻമാരുടെ ഭാര്യമാരുടെ പേരിലുള്ള വീടുകൾക്ക് 2004-05 രണ്ടാം അർദ്ധവർഷം മുതൽ നികുതി ഒഴിവാക്കിക്കൊടുക്കാനുള്ള ഉത്തരവിറക്കിയിട്ടുണ്ട്. ഏതെങ്കിലുമൊരു ഫോറത്തിൽ ഇത് ചർച്ച ചെയ്തിട്ടുണ്ടോ? ഗവൺമെന്റ് അത്തരത്തിൽ ഒരു എക്സിക്യൂട്ടീവ് ഓർഡർ ഇറക്കാൻ കാരണമെന്താണ്? വിമുക്തഭടൻമാർക്ക് സൗജന്യങ്ങൾ കൊടുക്കുന്നതിൽ ഞങ്ങൾ എതിരല്ല. പാവപ്പെട്ട കർഷകത്തൊഴിലാളികൾ, ദുർബല ജനവിഭാഗത്തിൽപ്പെട്ട ആളുകൾ ഇവരൊക്കെ ധാരാളമുണ്ട്. അവരെയെല്ലാം അവഗണിച്ചുകൊണ്ടാണ് ഈ ഒരു വിഭാഗത്തിനുമാത്രം ഇളവ് അനുവദിച്ചു കൊടുക്കുന്നത്. അത് മുനിസിപ്പാലിറ്റിയെ എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്നു പരിശോധിക്കണം. ഇക്കാര്യം എവിടെയെങ്കിലും ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുള്ള ഒന്നാണോ? അതുപോലെ ഇപ്പോൾ തൊഴിൽ നികുതി നിർണ്ണയിച്ചു. അങ്ങനെ പുതുക്കി നിശ്ചയിച്ച സമയത്ത് ഒരു അപകടം വന്നിട്ടുണ്ട് ചുരുങ്ങിയ വരുമാനക്കാർക്ക് നികുതി വർദ്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ഉയർന്ന വരുമാനക്കാർക്ക് നികുതി വർദ്ധനവൊന്നുമില്ല. ഏറ്റവും മുരുങ്ങിയ തൊഴിൽ നികുതി 37 രൂപയാണ്. അത് 75 രൂപയായി വർദ്ധിപ്പിച്ചു. 1250 രൂപ നികുതി കൊടുക്കുന്നവരുണ്ട്. അതിനൊരു വർദ്ധനവുമില്ല. നാമമാത്രമായ വരുമാനമുള്ളവരെ പ്രതിക്കൂട്ടിലാക്കുന്ന, ബുദ്ധിമുട്ടിപ്പിക്കുന്ന പരിഷ്കാരങ്ങളാണ് ഇത്തരത്തിൽ വരുന്നതെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ വരേണ്ടതും പരിഹരിക്കേണ്ടതുമായ ഒരു വിഷയം ആണെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോഴും എം. ജി. പി. യുടെ രോഗമായി നിരവധി വികസന പ്രവർത്തനങ്ങളും നടക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് കൈമാറിയ വകുപ്പുകളുടെ വികസന മുരംപ്പെടെ ഉരുക്കൊള്ളുന്നതാണത്. അതിന്റെ നടത്തിപ്പ് എങ്ങനെയാണ്? ഡയറക്ടറായി അതിന്റെ ഫണ്ട് വിനിയോഗിക്കാനാണ് പോകുന്നത്. ഒരൊറ്റ കാര്യം മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇൻസ്റ്റിറ്റ്യൂഷൻ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണം. ആ കമ്മിറ്റിക്ക് പരിപൂർണ്ണ അധികാരം വേണം. നമ്മുടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഉരുപ്പെടുത്തിയിട്ടാണ് എല്ലാം ചെയ്യുന്നത്. ഉദാഹരണത്തിന് അംഗൻവാടി കെട്ടിടം, മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുള്ള ആരോഗ്യമേഖലയിലുള്ള സ്ഥാപനങ്ങരം, തുടങ്ങിയവയുടെ വികസന പ്രവർത്തനങ്ങരം നടത്തുമ്പോരം, പദ്ധതിയിൽ ഉരുപ്പെടുത്തി സാങ്കേതികാനുമതി വാങ്ങുകയും മറ്റ് നടപടിക്രമങ്ങരം പാലിക്കുകയും വേണം. അതൊന്നും വേണ്ടാത്ത വിധത്തിലാണ് എം. ജി. പി.–യുടെ വികസന പ്രവർത്തനങ്ങരം ഇപ്പോരം താഴോട്ട് രൂപപ്പെടുത്തിവരുന്നത്. എം. എൽ. എ. മാരായ ഞങ്ങരംക്കെല്ലാം അതിൽ പങ്കെടുക്കാൻ കത്തുകരം തരുന്നുണ്ട്. ഇത് യഥാർത്ഥത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അധികാരത്തിൻമേൽ ഇടപെടുന്ന ഒന്നാണ്. അതുകൊണ്ട് അത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉരുപ്പെടുത്തി സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകി പദ്ധതിയുടെ രോഗമായി ഉരുപ്പെടുത്തി മുന്നോട്ടുപോകുന്നതിനുള്ള നടപടികരം സ്വീകരിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ ബില്ലിലെ മറ്റു വ്യവസ്ഥകരംക്കെല്ലാം ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി നമ്മുടെ കൂടി കൂട്ടി ആയതുകൊണ്ട് ഞങ്ങരം പിന്തുണ കൊടുക്കുകയാണ്. പക്ഷേ പ്രായോഗിക തലത്തിൽ ചില ബുദ്ധിമുട്ടുകളുണ്ട്. അത് പരിഹരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 12-ാം വകുപ്പിനുള്ള ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് ''ചെയർപേഴ്സണായോ ഡെപ്യൂട്ടി ചെയർപേഴ്സണായോ തെരഞ്ഞെടുക്കപ്പെട്ട ആരം താൻ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം, മതിയായ കാരണങ്ങളില്ലാതെ, സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്തു സ്ഥാനം ഏറ്റെടുക്കാത്തപക്ഷം അയാരം തന്റെ ചെയർപേഴ്സൺ അഥവാ ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനർ പ്രഖ്യാപിക്കുവുന്നതാണ്'' എന്നാണ്. മതിയായ കാരണങ്ങളില്ലാതെ സത്യപ്രതിജ്ഞ ചെയ്യാതിരിക്കുന്ന സിറ്റുവേഷൻ ഉണ്ടാക്കുന്നത് ശരിയല്ല. ഉദാഹരണത്തിന് ഒരു രോഗം ബാധിച്ച് 15 ദിവസം കിടപ്പായിപ്പോകുകയാണെങ്കിൽ അങ്ങനെയുള്ള കാരണങ്ങരം ഉണ്ടെങ്കിൽ ചെയ്യാവുന്നതാണ്. അത് ഈ അമെൻറ്മെൻറിൽ പറയുന്നില്ല. അപ്പോരം ഒരു പ്രൊവിസോ വച്ചിട്ടോ അല്ലെങ്കിൽ സാറിസ്ഫൈഡ് എക്സ്ക്യൂനേഷൻവച്ചോ ഇലക്ഷൻ കമ്മീഷനെ തൃപ്തിപ്പെടുത്താനുള്ള കാരണങ്ങളാണുള്ളതെങ്കിൽ 15 ദിവസം

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള സമയപരിധി നീട്ടിക്കൊടുക്കാവുന്നതാണെന്നുള്ള ഒരു പ്രൊവിഷൻ വയ്ക്കണം. അല്ലെങ്കിൽ ശരിയാകില്ല. മതിയായ കാരണങ്ങളില്ലാതെ ഒരാളെ അയോഗ്യനാക്കുകയോ ഒഴിവാക്കപ്പെടുകയോ ചെയ്യുന്ന ഒരവസ്ഥയുണ്ടാകും. അതുപോലെതന്നെ ശ്രീ. എം. വി. ജയരാജൻ സൂചിപ്പിച്ച എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട, റിസർവേഷനിൽപ്പെട്ട ആളുകളും ചിലപ്പോൾ ഒരാൾ മാത്രമാണ് ജയിച്ചു വരുന്നതെങ്കിൽ വലിയ ഒരു രേണ പ്രതിസന്ധി മുനിസിപ്പാലിറ്റികളിലുണ്ടാകും. അതുകൊണ്ട് ഈ രണ്ട് കാര്യങ്ങളും പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇവിടെ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ആവർത്തിച്ചാവർത്തിച്ച് പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമയത്തുതന്നെ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് നടത്തേണ്ട ഇലക്ഷൻ കമ്മീഷൻ ആവശ്യപ്പെടുന്ന സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ജോലി. ആ ജോലിയിൽ ഒരിടത്തും വീഴ്ച വരുത്തിയിട്ടില്ല. അവർ വീണ്ടും വീണ്ടും അനാവശ്യമായി ഈ വിഷയം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഇപ്പോൾ തെരഞ്ഞെടുപ്പ് നടക്കാത്ത സ്ഥലത്തെ കാര്യംകൂടി സൂചിപ്പിച്ചു. കോടതിയിൽ കേസ്സുള്ളതുകൊണ്ടാണ് അവിടെ തെരഞ്ഞെടുപ്പ് നടത്താത്തതെന്ന് പറഞ്ഞു. ഈ സംശയങ്ങളും പരാതികളുമൊക്കെ പറയുന്നത് ഒരു ഇലക്ഷൻ നടത്താതിരിക്കാൻവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നുവെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടിയുള്ള പ്രചരണങ്ങളാണ്. സയേിർത്തന്നെ പല പ്രാവശ്യം ആവർത്തിച്ചു പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് വീണ്ടും പറയുന്നത് ശരിയല്ലെന്ന് സൂചിപ്പിക്കാൻവേണ്ടി ഞാൻ ഈ അവസരം ഉപയോഗിച്ചുകൊണ്ട് നിർത്തുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): എസ്.സി./എസ്.ടി. വിഭാഗത്തിലുള്ളവർ പ്രസിഡന്റായിക്കഴിഞ്ഞാൽ ഈ നിയമമുണ്ടാകുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പറഞ്ഞു. ഇത് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കുമ്പോൾ വേണ്ട ഭേദഗതി ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട എം. വി. ജയരാജൻ നോട്ടീസ് കൊടുക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരാൾ ജയിച്ചുകഴിഞ്ഞാൽ 15 ദിവസത്തിനകം മതിയായ കാരണങ്ങളാൽ സത്യപ്രതിജ്ഞ ചെയ്തില്ലെങ്കിൽ ഒഴിയേണ്ടി വരുമെന്ന കാര്യം പറയുകയുണ്ടായി. അതിന് ആക്ടിലെ വ്യവസ്ഥതന്നെ അവർ നോട്ടീസായി കണക്കാക്കേണ്ടതാണ്. അതുകൊണ്ട് വേറൊരു നോട്ടീസ് കൊടുക്കണമെന്നില്ല. അദ്ദേഹം പറഞ്ഞ മറ്റ് കാര്യങ്ങളും ഇതുമായി ബന്ധപ്പെട്ടതല്ല. എം.ജി.പി.യിൽനിന്നു കുറച്ച് കാശ് പഞ്ചായത്തുകൾക്ക് കിട്ടുകയാണെങ്കിൽ അത് പഞ്ചായത്തുകളുടെ പ്രവർത്തനം കുറച്ചുകൂടി നന്നായി നടപ്പാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. വിമുക്തഭടൻമാരെക്കുറിച്ച് അദ്ദേഹം പറഞ്ഞു. വിമുക്തഭടൻമാർക്കും ആനുകൂല്യം കൊടുക്കണമെന്നുള്ള കാര്യത്തിൽ നമുക്ക് യോജിപ്പാണുള്ളത്. അതുപ്രകാരം ഗവൺമെന്റിനുള്ള അധികാരമുപയോഗിച്ചുകൊണ്ടാണ് ചെയ്തത്. ഇക്കാര്യങ്ങളും അനീതിയോ ചട്ടവിരുദ്ധമോ അല്ല. ഞാൻ അവസാനിപ്പിക്കുന്നു

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പ്രസ്ംചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. വി. ഡി. സത്ീശൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2004-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(3) 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): പ്രസ്തുത ബിൽ തദ്ദേശ സ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ക്ഷേമവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സംസാരിക്കുന്നില്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ: 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി യഥാർത്ഥത്തിൽ 2003-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതിയുടെ തുടർച്ചയാണ്. ആ ഭേദഗതിക്ക് ഒരു നിയമസാധുതകൂടി കിട്ടി, പുതിയ സാഹചര്യങ്ങളിൽ പുതിയ സഹായങ്ങളും നൽകുമെന്ന ഉദ്ദേശത്തോടുകൂടിയുള്ളതാണ് ഈ ബിൽ. അതിൽ ആദ്യത്തെ ഭേദഗതി പറയുന്നത് അനധികൃതമായി ഏതെങ്കിലും കൺസ്ട്രക്ഷൻ നടത്തുകയാണെങ്കിൽ അതു സംബന്ധിച്ച് പരാതി വന്നാൽ പരാതിക്കാരനെ കേൾക്കാൻ കഴിയുന്ന, പരിഗണിക്കാൻ കഴിയുന്ന ഒരു പ്രതീക്ഷയാണ് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നത്. രണ്ടാം മുനിസിപ്പാലിറ്റി ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly